23/2/20 (Sunday) Deepika



കൊരട്ടി പൊങ്ങം നൈപുണ്യ കോളജിൽ പ്രവർത്തനസജ്ജമായ പ്ലാന്റ്

## സൗരോർജ പാനൽ പ്രവർത്തനസജ്ജം

# നൈപുണ്യ കോളജ് പൂർണ പ്രകൃതിസൗഹൃദ കാമ്പസ്

**കൊരട്ടി:** പരിപൂർണ്ണ പ്രകൃതി സൗഹൃദ കാമ്പസ് ആയി മാറുകയാണ് കൊരട്ടി പൊങ്ങം നൈപുണ്യ കോളേജ്.

കാലിക്കട്ട് യൂണിവേഴ്സിറ്റി അഫിലിയേഷനോടുകൂടി പ്രവർത്തിക്കുന്ന എറണാകുളം - അങ്കമാലി അതിരൂപതയുടെ പ്രമുഖ കോളേജാണ് നൈപുണ്യ. 1400 ഓളം വിദ്യാർത്ഥികളുടെ അദ്ധ്യയനം പൂർണമായും സൗരോർജ സഹായത്തോടെയാക്കാൻ 50 കെ.വി പ്ലാന്റാണ് സ്ഥാപിച്ചിട്ടുള്ളത്. കെഎസ്ഇബി ഗ്രിഡ് സിസ്റ്റത്തിലൂടെയാണ് പ്രവർത്തനം. അവധി ദിവസങ്ങളിലും മറ്റും അധിക വൈദ്യുതി കെഎസ്ഇബി വിൽക്കും. 25 ലക്ഷത്തോളം രൂപ ചെലവിൽ മെയിൻ ബ്ലോക്കിലെ അഞ്ചാം നിലയിലാണ് 500 ചതുരശ്ര മീറ്റർ പ്ലാന്റ് സ്ഥാച്ചിട്ടുള്ളത്.

ഒരു ദിവസം 200 കിലോവാട്ട് വൈദ്യുതിയും വർഷത്തിൽ കെഎസ്ഇബിയുടെ ഇപ്പോഴത്തെ നിരക്കനുസരിച്ച് 4.5 ലക്ഷത്തോളം രൂപയുടെ വൈദ്യുതി ഉൽപാദനവും നടക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അങ്കമാലി ആൾട്ടർനേറ്റ് എനർജി കോർപ്പറേഷനാണ് പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളത്. പ്രകൃതി സൗഹൃദ കാമ്പസിനായി ഭൂമിത്ര സേന ക്ലബിന്റെ നേതൃത്വത്തിൽ കുട്ടിവനവും മാലിന്യ നിർമാർജനത്തിന് ഇൻസിനേറ്ററും മഴവെള്ള സംഭരണിയും ഔഷധ സസ്യ തോട്ടവും മുമ്പേ തന്നെ കാമ്പസിൽ ഒരുക്കിയിട്ടുണ്ട്.

26 ന് നൈപുണ്യ കാമ്പസിൽ നടക്കുന്ന 18-ാമത് വാർഷികാഘോഷ ചടങ്ങിൽ കാലിക്കട്ട് യൂണിവേഴ്സിറ്റി പരീക്ഷാ കൺട്രോളർ ഡോ.ബാബു സൗരോർജ പ്ലാന്റിന്റെ ഉദ്ഘാടനം നിർവഹിക്കും. പാലക്കാട് അതിരൂപതാ ബിഷപ്പ് മാർ.ജേക്കബ് മനത്തോടത്ത് അധ്യക്ഷനാകും. കോളേജിലെ അധ്യാപകരും വിദ്യാർഥികളും ചേർന്ന് തയ്യാറാക്കിയ ഗവേഷണപ്രബന്ധം നൈവിഗ്യാന്റെ പ്രകാശനവും നടക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ.പോൾ കൈത്തോട്ടുങ്ങലിന്റെ സിൽവർ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് തൃശൂർ - എറണാകുളം ജില്ലയിലെ സ്റ്റേറ്റ്, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകൾക്കായി ഏർപ്പെടുത്തിയ നൈപുണ്യ എജ്യൂക്കേഷൻ എക്സലൻസ് അവാർഡിനർഹരായ സ്കൂളുകളുടെ പ്രഖ്യാപനവും ചടങ്ങിൽ നടക്കും.